**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 887** **07-12-2022 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന കോളനി പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിൽ നിന്നും പുത്തൻപുരയിൽ കോളനി, ചാലയ്ക്കൽ കോളനി (2016-17),കിഴക്കേമറ്റംകോളനി (2019-20), മങ്ങാട്ട് കോളനി (2021-22) എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ പുത്തൻപുരയിൽ കോളനി, ചാലയ്ക്കൽ കോളനി എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഴക്കേമറ്റംകോളനി നവീകരണത്തിൽ ഉൾപ്പെടുത്തിയിരുന്ന രണ്ടു റോഡ് വർക്കുകളിൽ ഒരു റോഡ് പൂർത്തീകരിക്കുകയും രണ്ടാമത്തെ റോഡ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. മങ്ങാട്ട് കോളനി നവീകരണവുമായി ബന്ധപ്പെട്ട ആദ്യ മോണിറ്ററിങ് കമ്മിറ്റി മീറ്റിംഗ് കഴിഞ്ഞു. നിർവഹണ ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ